# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 477 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവു വരുന്നത് ഏത് രീതിയിൽ പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്; | (എ)<br>(ബി)<br>&<br>(സി) | ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act - ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>GST പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിനു നികുതി ചുമത്താം. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാവുമെന്നു തന്നെയാണ് പ്രതീക്ഷ. |
| (ബി) | സംസ്ഥാനത്തിന്റെ വാർഷിക നികുതി വർദ്ധനവ് അനുസരിച്ചുള്ള നികുതി വരുമാനം ജി.എസ്.ടി. വഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | | |
| (സി) | കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന്റെ നികുതി നഷ്ടത്തിന് പരിഹാരമായി തുക ലഭിക്കാനിടയുണ്ടോ; എങ്കിൽ ഇത് കേന്ദ്രസർക്കാർ ഏത് രീതിയിൽ നൽകണമെന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന ഏതെല്ലാം വിഷയങ്ങൾ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കാനാണ് സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്? | (ഡി) | ലോട്ടറിയെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ